DESPATCHED
On..09/06/2020....
16.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2834*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *18694/എസ്.ഐ.സി-ജി 6/13*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.രാജാറാം ആർ,<br>കോതാട്ടു വീട്, കളവംകോട് പി.ഒ.,<br>ചേർത്തല – 688 524. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>താലൂക്ക് ഓഫീസ്,<br>ചേർത്തല.<br><br>2. അപ്പീൽ അധികാരി&<br>തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, ചേർത്തല. | എതിർകക്ഷികൾ |

## ഉത്തരവ്

2013ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ഫയൽ കെഡിസ് (3 വർഷം) ആയി തീർപ്പാക്കി റിക്കാർഡ് സെക്ഷനിലേയ്ക്ക് നൽകിയിരുന്നുവെന്നും റിക്കാർഡ് സെക്ഷനിൽ നടത്തിയ തെരച്ചിലിൽ ടി ഫയൽ കണ്ടെത്തുവാൻ സാധിച്ചില്ലെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ ആവശ്യം മുൻനിർത്തി വീണ്ടും റിക്കാർഡ് സെക്ഷനിൽ

നടത്തിയ വിശദമായ പരിശോധനയിൽ ടി ഫയൽ കണ്ടെത്തുകയും ഹർജിക്കാരന്റെ അപ്പീലിലെ ആവശ്യപ്രകാരം പ്രസ്തുത ഫയലിലെ രേഖകളുടെ പകർപ്പുകൾ 16.01.2014ൽ ടിയാൻ നേരിൽ കൈപ്പറ്റിയെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019ൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM